KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ : 3025/Plg

തിയ്യതി : 11.12.2024

## സർക്കുലർ നമ്പർ 48/2024 (BD)

വിഷയം: കെ.എസ്.എഫ്.ഇ. സ്മാർട്ട് ഗോൾഡ് ഓവർഡ്രാഫ്റ്റ് പദ്ധതി (KSFE Smart Gold OD) നടപ്പാക്കുന്നത് സംബന്ധിച്ച്.

** ** **

സ്വർണ്ണപ്പണയ വായ്പാ രംഗത്ത് ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളുടെ മുൻ നിരയിലേയ്ക്ക് കെ.എസ്.എഫ്.ഇ. എത്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ കുതിപ്പിനെ ത്വരിതപ്പെടുത്തുന്നതിന് **"കെ.എസ്.എഫ്.ഇ.സ്മാർട്ട് ഗോൾഡ് ഓവർഡ്രാഫ്റ്റ്"** എന്ന പേരിൽ സ്വർണ്ണാഭരണങ്ങളുടെ ഈടിന്മേൽ ഒരു ഓവർഡ്രാഫ്റ്റ് പദ്ധതി നടപ്പിലാക്കുകയാണ്. പുതിയ തലമുറയ്ക്ക് കൂടുതൽ അനുയോജ്യമായ രീതിയിൽ ശാഖയിൽ നേരിട്ട് എത്തുന്നത് പരമാവധി ഒഴിവാക്കി കൊണ്ട് പൂർണ്ണമായും ഓൺലൈനായിട്ടാണ് കെ.എസ്.എഫ്.ഇ സ്മാർട്ട് ഗോൾഡ് ഓവർഡ്രാഫ്റ്റ് പദ്ധതി നടപ്പിലാക്കുന്നത്. അതേസമയം, ശാഖയിൽ നേരിട്ട് വന്ന് ഇടപാടുകൾ നടത്താൻ താല്പര്യമുള്ളവർക്ക് അതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. പദ്ധതിയെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### കെ.എസ്.എഫ്.ഇ. സ്മാർട്ട് ഗോൾഡ് ഓവർഡ്രാഫ്റ്റ് പദ്ധതിയുടെ പ്രത്യേകതകൾ

1. ഇടപാടുകാരൻ ഒരിക്കൽ മാത്രം ശാഖയിൽ നേരിട്ട് ഹാജരായി സ്വർണ്ണാഭരണങ്ങൾ ജാമ്യമായി നൽകുകയും, അതിന്മേൽ OD അനുവദിക്കുകയും ചെയ്യുന്നു. പിന്നീട് ആവശ്യാനുസരണം പവർ ആപ്പിലൂടെ തുക പിൻവലിക്കുവാനും, തിരിച്ചടയ്ക്കുവാനും സാധിക്കുന്ന രീതിയിലാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്.
2. ഗോൾഡ് ഓവർഡ്രാഫ്റ്റ് പദ്ധതി പ്രകാരം അനുവദിക്കാവുന്ന മിനിമം വായ്പാതുക **50,000/-** രൂപയും പരമാവധി വായ്പാതുക **50 ലക്ഷം** രൂപയും ആണ്.
3. ഓവർഡ്രാഫ്റ്റ് അനുവദിക്കുമ്പോൾ HUID/916/22 കാരറ്റ് ആഭരണങ്ങൾക്ക് സ്വർണ്ണത്തിന്റെ മാർക്കറ്റ് വിലയുടെ 80% വരെ പരമാവധി വായ്പ അനുവദിക്കാവുന്നതാണ്.
4. സ്മാർട്ട് ഗോൾഡ് ഓവർഡ്രാഫ്റ്റ് പദ്ധതി പ്രകാരം വായ്പയുടെ കാലാവധി 1 വർഷമായിരിക്കും. വായ്പാ കാലാവധിയായ 1 വർഷത്തിനു ശേഷം OD പുതുക്കിയില്ലെങ്കിൽ, OD അക്കൗണ്ടിൽ നിന്ന് പണം പിൻവലിക്കുന്നതിനുള്ള (Debit Transaction) അനുവാദം ഉണ്ടായിരിക്കുന്നതല്ല.
5. ഗോൾഡ് ഓവർഡ്രാഫ്റ്റിന് 10.50% നിരക്കിൽ സാധാരണ പലിശ ഈടാക്കുന്നതാണ്. ഓരോ ദിവസവും നിലനിൽക്കുന്ന വായ്പാ തുകയുടെ അടിസ്ഥാനത്തിലാണ് പലിശ കണക്കാക്കുന്നത്. പലിശത്തുക ഓരോ മാസാവസാനവും ഓവർഡ്രാഫ്റ്റ് അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യുന്നതായിരിക്കും. എന്നാൽ വായ്പാ പരിധി അധികരിച്ചാൽ വായ്പക്കാരൻ പലിശ നേരിട്ടോ, പവർ ആപ്പിലൂടെയോ അടയ്ക്കേണ്ടതും മുടക്കം വരുത്തുന്നപക്ഷം പലിശ മുടക്കം വരുത്തിയ തിയ്യതി മുതൽ പലിശ അടയ്ക്കുന്ന തിയ്യതി വരെ 2% അധിക നിരക്കിൽ പലിശ ഈടാക്കുന്നതുമാണ്.
6. ഗോൾഡ് ഓവർഡ്രാഫ്റ്റ് അനുവദിക്കുന്ന പരിധി തുകയുടെ (sanctioned Limit) 0.25%, പരമാവധി 5000/-രൂപ പ്രോസസ്സിങ്ങ് ചാർജ്ജായി ഈടാക്കുന്നതാണ്. ഓവർഡ്രാഫ്റ്റ് അനുവദിക്കുന്ന ഘട്ടത്തിൽ തന്നെ പ്രോസസ്സിങ്ങ് ചാർജ്ജ് OD അക്കൗണ്ടിൽ ഓട്ടോ ഡെബിറ്റ് ചെയ്യുന്നതാണ്.
7. വ്യക്തികളുടെ പേരിൽ മാത്രമേ കെ.എസ്.എഫ്.ഇ. സ്മാർട്ട് ഗോൾഡ് ഓവർഡ്രാഫ്റ്റ് അനുവദിക്കാൻ പാടുള്ളൂ. ഒരു വ്യക്തിയ്ക്ക് ഒന്നിൽ കൂടുതൽ ഗോൾഡ് ഓവർ ഡ്രാഫ്റ്റിന് അർഹത ഉണ്ടായിരിക്കുന്നതല്ല. വായ്പക്കാരന്റെ പാൻ നമ്പറിലൂടെ ഇക്കാര്യം ഉറപ്പാക്കേണ്ടതാണ്.
8. സ്മാർട്ട് ഗോൾഡ് ഓവർഡ്രാഫ്റ്റ് ജോയിന്റ് അക്കൗണ്ടായി അനുവദിക്കാൻ പാടുള്ളതല്ല.

**ഓവർഡ്രാഫ്റ്റ് അനുവദിക്കുമ്പോൾ ആവശ്യമായ രേഖകൾ**

1. അപേക്ഷാ ഫോറം, (കാസ് ബയിൽ നിന്നും Auto Fill ആയി ലഭിക്കുന്നതാണ്).
2. ഗോൾഡ് ഓവർഡ്രാഫ്റ്റ് എഗ്രിമെന്റ് (കാസ്ബയിൽ നിന്നും Auto Fill ആയി ലഭിക്കുന്നതാണ്).
3. ബാങ്ക് പാസ്സ് ബുക്ക് ( self attested copy നൽകണം)
4. വായ്പക്കാരന്റെ പാസ് പോർട്ട് സൈസ് ഫോട്ടോ.
5. KYC ഫോറം.
6. പാൻകാർഡ് ( self attested copy നൽകണം)
7. മേൽവിലാസം തെളിയിക്കുന്നതിനുള്ള രേഖ- ആധാർ അഭികാമ്യം (self attested copy നൽകണം)

**ഗോൾഡ് ഓവർഡ്രാഫ്റ്റ് അനുവദിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. ഗോൾഡ് ഓവർഡ്രാഫ്റ്റ് അനുവദിക്കുന്നതിനായി കാസ് ബയിലെ Products / Services എന്ന മെനുവിൽ അസിസ്റ്റന്റ് OD Application create ചെയ്യുകയും അസിസ്റ്റന്റ് മാനേജർ പരിശോധിക്കുകയും ശാഖാ മാനേജർ അംഗീകരിക്കുകയും ചെയ്യേണ്ടതാണ്.
2. അതിനുശേഷം ഗോൾഡ് ഓവർഡ്രാഫ്റ്റിന്റെ ഓൺലൈൻ പ്രവർത്തനങ്ങൾക്കായി വായ്പക്കാരന്റെ ബാങ്ക് വിവരങ്ങൾ (Beneficiary Details) അസിസ്റ്റന്റ് കാസ് ബയിൽ രേഖപ്പെടുത്തുകയും അസിസ്റ്റന്റ് മാനേജർ അനുമതി നൽകുകയും ചെയ്യേണ്ടതാണ്. തുടർന്ന് വായ്പക്കാരൻ പവർ ആപ്പിൽ 'My Gold OD' എന്ന മെനുവിൽ Beneficiary Details എടുത്ത് verify ചെയ്യുന്നതോടെ ഗോൾഡ് ഓവർഡ്രാഫ്റ്റ് അക്കൗണ്ട് നിലവിൽ വരുന്നതാണ്.
3. ഗോൾഡ് ഓവർഡ്രാഫ്റ്റ് അനുവദിക്കുന്നതോടൊപ്പം മുകളിൽ സൂചിപ്പിച്ചിട്ടുള്ള അപേക്ഷാഫോറം, എഗ്രിമെന്റ് എന്നിവ ഉൾപ്പടെയുള്ള രേഖകളിൽ അപേക്ഷകനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഒപ്പ് വെച്ച് ഫയലാക്കി സൂക്ഷിക്കേണ്ടതാണ്.
4. 25 ലക്ഷം രൂപ വരെ ഗോൾഡ് ഓവർഡ്രാഫ്റ്റ് ശാഖാ മാനേജർക്ക് അനുവദിക്കാവുന്നതാണ്. എന്നാൽ 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ഓവർഡ്രാഫ്റ്റ് മേഖലാ തലവന്റെ അനുമതിയോടെ ശാഖാ മാനേജർക്ക് അനുവദിക്കാവുന്നതാണ്.
5. ഓവർഡ്രാഫ്റ്റ് അക്കൗണ്ടിൽ നിന്നും ആവശ്യമായ തുക ഓൺലൈനായും ശാഖകളിൽ നിന്ന് നേരിട്ടും പിൻവലിക്കാവുന്നതും തിരിച്ചടയ്ക്കാവുന്നതുമാണ്. എന്നാൽ ശാഖയിൽ നേരിട്ട് ഇടപാട് നടത്തുന്ന അവസരത്തിൽ ഒരു ദിവസം പണമായി പിൻവലിക്കാവുന്ന തുക 20,000/- രൂപയിൽ താഴെ എന്ന പരിധിയും തിരിച്ചടയ്ക്കുമ്പോൾ 2 ലക്ഷം രൂപയിൽ താഴെ എന്ന പരിധിയും പാലിക്കേണ്ടതാണ്. പണമായി പിൻവലിക്കുമ്പോൾ സുഗമ 'Withdrawal Slip' ഉപയോഗിക്കാവുന്നതാണ്.
6. ഗോൾഡ് ഓവർഡ്രാഫ്റ്റ് അനുവദിക്കുമ്പോൾ തുകയുടെ 0.35%, പരമാവധി 350/- രൂപ, അപ്രൈസർ ചാർജ്ജായി ഈടാക്കേണ്ടതാണ്. എന്നാൽ 25 ലക്ഷം രൂപയിൽ കൂടുതൽ വായ്പ അനുവദിക്കുന്ന ഘട്ടത്തിൽ 2 പേർ അപ്രൈസിങ്ങ് നടത്തേണ്ടതും 1000/-രൂപ (ഒരാൾക്ക് 500/- രൂപ വീതം) അപ്രൈസർ ചാർജ്ജായി ഈടാക്കേണ്ടതുമാണ്.
7. ഗോൾഡ് ഓവർഡ്രാഫ്റ്റ് അനുവദിച്ചതിനുശേഷം സ്വർണ്ണാഭരണങ്ങളിൽ മാറ്റം വരുത്താൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല. എന്നാൽ പിഴ കൂടാതെ വായ്പ മുൻകൂറായി അവസാനിപ്പിക്കുവാൻ ഇടപാടുകാരന് അനുവാദം ഉണ്ടായിരിക്കുന്നതാണ്.
8. ഗോൾഡ് OD യിൽ പണയപ്പെടുത്തിയ ആഭരണങ്ങൾ മറ്റു പദ്ധതികൾക്ക് ജാമ്യമായി ലിങ്ക് ചെയ്യുവാൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല.
9. ഗോൾഡ് OD യിൽ ക്രെഡിറ്റ് ബാലൻസ് വരുന്ന സന്ദർഭങ്ങൾ ഉണ്ടായാൽ, ആയതിന് പലിശ നൽകുന്നതല്ല.

10. സ്വർണ്ണാഭരണങ്ങൾ ജാമ്യമായി സ്വീകരിച്ച രശീതിന്റെ മൂന്ന് കോപ്പി തയ്യാറാക്കി ഇടപാടുകാരന്റെ ഒപ്പോടുകൂടി ഓരോ കോപ്പി ആഭരണത്തിന്റെ പാക്കറ്റിലും, ഫയലിലും സൂക്ഷിക്കേണ്ടതും ഒരു കോപ്പി ഇടപാടുകാരന് നൽകേണ്ടതുമാണ്.

11. വായ്പാതുക പലിശ സഹിതം 90% ത്തിൽ അധികരിക്കാൻ പാടുള്ളതല്ല. 90% അധികരിക്കുന്ന ഘട്ടത്തിൽ, ആയത് ക്രമപ്പെടുത്താൻ ഇടപാടുകാരനോട് ആവശ്യപ്പെടേണ്ടതും, അല്ലാത്തപക്ഷം നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് മേഖലാ മേധാവിയുടെ അംഗീകാരത്തോടെ സ്വർണ്ണാഭരണങ്ങളിന്മേൽ ലേല നടപടി സ്വീകരിക്കേണ്ടതുമാണ്.

12. ഏതെങ്കിലും സാഹചര്യത്തിൽ ഒരു ഗോൾഡ് ഓവർഡ്രാഫ്റ്റ് അക്കൗണ്ടിൽ 15 മാസത്തിലധികം പലിശ അടവിൽ മുടക്കം വരുന്ന പക്ഷം, അത്തരം അക്കൗണ്ടുകൾ NPA വിഭാഗത്തിലേയ്ക്ക് മാറ്റേണ്ടതാണ്. NPA ആയി മാറുന്ന അക്കൗണ്ടുകളിന്മേൽ യുക്തമായ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

13. ഗോൾഡ് ഓവർഡ്രാഫ്റ്റിന്റെ കാലാവധി കഴിഞ്ഞ് ഒരു മാസത്തിനകം OD പുതുക്കുകയോ, അവസാനിപ്പിച്ച് ആഭരണം തിരിച്ചെടുക്കുകയോ ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം OD യുടെ കാലാവധി അവസാനിച്ച തിയ്യതി മുതൽ പുതുക്കുന്ന / തിരിച്ചെടുക്കുന്ന തിയ്യതി വരെ വായ്പാ പരിധിയുടെ 0.25% നിരക്കിൽ (പ്രതിവർഷം പരമാവധി 5000/- രൂപ) ഹാൻഡ്ലിങ് ചാർജ്ജ് ഈടാക്കുന്നതാണ്. കൂടാതെ OD പുതുക്കുമ്പോൾ അപ്പോൾ നിലവിലുള്ള പ്രോസസ്സിങ്ങ് ചാർജ്ജ് ഈടാക്കുന്നതാണ്.

14. സ്വർണ്ണപ്പണയ വായ്പ അനുവദിക്കുമ്പോൾ വായ്പക്കാരന്റെ ഫോട്ടോ, ആഭരണങ്ങളുടെ ഫോട്ടോ എന്നിവ എടുത്ത് സൂക്ഷിക്കുന്ന അതേ മാതൃക ഗോൾഡ് ഓവർഡ്രാഫ്റ്റ് അനുവദിക്കുമ്പോഴും ചെയ്യേണ്ടതാണ്.

15. ഗോൾഡ് ഓവർഡ്രാഫ്റ്റിനായി പ്രത്യേകം മാനുവൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും, കാസ് ബയിലെ സ്റ്റോക്ക് രജിസ്റ്ററുമായി ഒത്തു നോക്കി കൃത്യത ഉറപ്പാക്കി പോകേണ്ടതുമാണ്.

16. കെ.എസ്.എഫ്.ഇ ജീവനക്കാർക്ക് ഗോൾഡ് OD യുടെ പലിശ നിരക്കിൽ പ്രത്യേകം ഇളവ് ഉണ്ടായിരിക്കുന്നതല്ല.

17. സ്വർണ്ണപ്പണയ വായ്പയുടെ മറ്റ് പൊതു നിബന്ധനകൾ ഗോൾഡ് ഓവർഡ്രാഫ്റ്റിനും ബാധകമായിരിക്കും.

സ്വർണ്ണപ്പണയ വായ്പയുടെ പുരോഗതിയ്ക്ക് സഹായകരമാകും വിധം കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടാണ് കെ.എസ്.എഫ്.ഇ. ഗോൾഡ് ഓവർഡ്രാഫ്റ്റ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 2024-25 സാമ്പത്തിക വർഷം ഓരോ ശാഖയും ഏറ്റവും കുറഞ്ഞത് 10 ഗോൾഡ് ഓവർഡ്രാഫ്റ്റ് വായ്പയെങ്കിലും അനുവദിച്ചുകൊണ്ട് ഈ പദ്ധതിയെ കൂടുതൽ ജനകീയമാക്കി മാറ്റുന്നതിനുമുള്ള ശ്രമം എല്ലാവരിൽ നിന്നും ഉണ്ടാകണമെന്ന് നിർദ്ദേശിച്ചു കൊള്ളുന്നു.

**കെ.എസ്.എഫ്.ഇ. സ്മാർട്ട് ഗോൾഡ് ഓവർഡ്രാഫ്റ്റ് പദ്ധതി 12.12.2024 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.**

*വിശ്വസ്തതയോടെ*
*കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി*

**ഡോ.സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

To: **എല്ലാ ശാഖാ തലവൻമാർക്കും**

പകർപ്പ്:

i. എല്ലാ മേഖല ഓഫീസുകൾക്കും
ii. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
iii. എല്ലാ ഐ.എ.ഡി ടീമുകൾക്കും/പ്രിവന്റീവ് വിജിലൻസ് സ്ക്വാഡ്കൾക്കും
iv. എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും
v. എം.ഡി. യുടെ പി.എ.
vi. സർക്കുലർ ഫയൽ